# കേരള സർക്കാർ
## ധനകാര്യ(എച്ച്.ബി.എ) വകുപ്പ്
## സർക്കുലർ

നം..04/2018/ധന

തിരുവനന്തപുരം
തീയതി,08/01/2018

വിഷയം:- സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പ – ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത്- 2017-18 ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള ഒന്നാം ഘട്ട ഭവന നിർമ്മാണ വായ്പ അലോട്ട്മെന്റ്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :
1) 12/11/2009 തീയതിയിലെ ജി.ഒ.(പി) നം.505/2009/ധന.
2) 21/10/2017 തീയതിയിലെ 150/എച്ച്.ബി.എ2/2017/ധന നമ്പർ അലോട്ട്മെന്റ് കത്ത്.
3) പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നുള്ള സ്റ്റേറ്റ് പോലീസ് ചീഫിന്റെ 01/01/2018-ലേയും 03/01/2018-ലേയും യഥാക്രമം N4(a)/179979/2017/PHQ, N4-207890/2016/PHQ നമ്പർ കത്തുകൾ.

സൂചന 2 ലെ അലോട്ട്മെന്റ് കത്ത് പ്രകാരം 2017-18 ൽ ഒന്നാം ഘട്ടമായി വകുപ്പുകളിലേക്ക് അലോട്ട് ചെയ്ത ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്നതിനുള്ള തീയതി 31/12/2017-ൽ അവസാനിച്ചിട്ടുള്ളതാണ്. നിലവിൽ സാമ്പത്തിക നിയന്ത്രണമുള്ളതുകൊണ്ട് ടി തീയതിക്കകം അനുവദിച്ച ഭവന നിർമ്മാണ വായ്പാ തുക കൈപ്പറ്റുവാൻ പലർക്കും കഴിഞ്ഞിട്ടില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഭവന നിർമ്മാണ വായ്പ തുക കൈപ്പറ്റുന്നത് **28/02/2018** വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു. ആവശ്യമെങ്കിൽ എല്ലാ വകുപ്പ് തലവൻമാരും ഭവന വായ്പ അനുവദിക്കുന്ന അധികാരികളും വ്യക്തിഗത ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കുകയും 28/02/2018 നകം വായ്പാ തുക പിൻവലിച്ചിരിക്കണം എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. വായ്പാ തുക ടി തീയതിക്കകം പിൻവലിച്ചിട്ടില്ലെങ്കിൽ ആയത് സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും വേണം. അലോട്ട്മെന്റ് കത്തിൽ ഉൾകൊള്ളിച്ച കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് സർക്കാരിലേക്ക് അയച്ചുനൽകുകയും വേണം.

**വി.രാജപ്പൻ**
ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള തിരുവനന്തപുരം.
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രഷറി, തിരുവനന്തപുരം.
എല്ലാ വകുപ്പ്/ഓഫീസ് തലവൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
നോഡൽ ഓഫീസർ,വെബ്സൈറ്റ്,ഫിനാൻസ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ